പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 254.

20.03.2015 ൽ മറുപടിക്ക്

**'ഒരു രൂപക്ക് അരി' പദ്ധതി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.വർക്കല കഹാർ**<br>**,, പാലോട് രവി**<br>**,, വി.റ്റി.ബൽറാം**<br>**,, ലൂഡി ലൂയിസ് :** | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) 'സംസ്ഥാനത്ത് 'ഒരു രൂപക്ക് അരി' പദ്ധതി നടപ്പാക്കി വരുന്നുണ്ടോ; | (എ) നടപ്പാക്കി വരുന്നുണ്ട്. |
| (ബി) ഏതെല്ലാം വിഭാഗക്കാർക്കാണ് പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചു കൊണ്ടിരിക്കുന്നത്; | (ബി) മുഴുവൻ ബി.പി.എൽ/എ.എ.വൈ. കുടുംബങ്ങൾക്കും, സർക്കാർ അംഗീകൃത അനാഥാലയങ്ങളിലെ അന്തേവാസികൾക്കുമാണ് ഒരു രൂപ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്. നിലവിൽ ബി.പി.എൽ. വിഭാഗത്തിൽ 14.80 ലക്ഷം കാർഡുകളും എ.എ.വൈ. വിഭാഗത്തിൽ 5.85 ലക്ഷം കാർഡുകളും ചേർത്ത് ആകെ 20.65 ലക്ഷം കാർഡുകൾക്കാണ് ഒരു രൂപ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുകൊണ്ടിരിക്കുന്നത്. |
| (സി) ഈ പദ്ധതിയിൽ കൂടുതൽ ആളുകളെ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ; ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു? | (സി) ഉണ്ട്. കേന്ദ്ര ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ 20.65 ലക്ഷം വരുന്ന ബി.പി.എൽ/എ.എ.വൈ. കാർഡുടമകൾക്ക് പകരം 35 ലക്ഷത്തോളം കാർഡുടമകൾ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുകയും ഈ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് മുൻഗണനാ കാർഡ് നല്കി കുറഞ്ഞ നിരക്കിൽ റേഷൻ വിതരണം നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ